പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1323.

08.02.2013 ൽ മറുപടിക്ക്

**ഹോട്ടലുകളിലെ അമിതവില നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ഹോട്ടലുകളിൽ നിലവിലുള്ള അനിയന്ത്രിതമായ വിലവർദ്ധന ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) അവശ്യസാധനങ്ങളുടെ വിലവർദ്ധനവിന് ആനുപാതികമായി ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങൾക്ക് നേരിയതോതിൽ വിലവർദ്ധനവ് ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; |
| (ബി) പ്രാദേശിക അടിസ്ഥാനത്തിൽ ചില ഉത്സവ സീസണുകളിലും മറ്റും അധികാരപ്പെട്ടവർ അതതു പ്രദേശങ്ങളിലെ ഭക്ഷണ സാധനങ്ങളുടെ വില ആ കാലയളവിലേക്ക് മാത്രം നിജപ്പെടുത്തുന്നതിലുപരിയായി സംസ്ഥാനവ്യാപകമായി ഒരു പൊതു വില നിയന്ത്രണ മാനദണ്ഡം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(സി) ഇല്ലായെങ്കിൽ അത്തരത്തിൽ ഒരു സംവിധാനം അടിയന്തിരമായി നടപ്പിലാക്കി ഹോട്ടലുകൾ അമിത വില ഈടാക്കുന്നത് നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ബി) + (സി) ഹോട്ടലുകളിലെ നിലവാരവും സൗകര്യവും അനുസരിച്ച് ഹോട്ടലുകളെ തരംതിരിച്ച് ഭക്ഷണത്തിന്റെ വില നിയന്ത്രിക്കുന്നതിനായി ഒരു നിയമ നിർമ്മാണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ